# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## <u>പത്രക്കുറിപ്പ്</u>

2021-2022 അധ്യായന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ മൂന്നാം അല്ലോട്മെന്റിന് തുടർന്നുള്ള പ്രവേശനത്തെ തുടർന്ന് ഒഴിവുകൾ നില നിൽക്കുന്ന സീറ്റുകൾ നികത്തുന്നതിനായി അതത് കോഴ്സുകളിലേക്ക് അപേക്ഷിച്ച വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് കോളേജുകൾക്ക് നൽകുന്നതായിരിക്കും.

നിലവിൽ അപേക്ഷ പൂർത്തീകരിച്ച് ഇത് വരെ അലോട്ട്മെന്റ് ലഭിക്കാത്തവരെയും പ്രവേശനം നേടി ഹയർ ഓപ്ഷനുകൾ നിലനിൽക്കുന്നവരെയുമാണ് റാങ്ക് ലിസ്റ്റിലേക്ക് ഉൾപ്പെടുത്തുക. കൂടാതെ രണ്ടാം അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടാത്തവരിൽ എഡിറ്റിങ് സൗകര്യം ഉപയോഗിക്കുന്നവരെയും റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതായിരിക്കും പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനു മുൻപ് കൂട്ടിച്ചേർക്കലുകൾക്കും തിരുത്തലുകൾക്കും 04.10.2021 മുതൽ 05.10.2021 5PM വരെ സമയമുണ്ടായിരിക്കും. രജിസ്റ്റർ നമ്പർ, മൊബൈൽ നമ്പർ, mail ID എന്നിവ ഒഴികെ എല്ലാവിധ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വിദ്യാർത്ഥികൾക്ക് നേരിട്ട് ചെയ്യാവുന്നതാണ്.

തിരുത്തൽ വരുത്തുന്നതിനായി വിദ്യാർത്ഥികൾ student Login ലെ എഡിറ്റ് ബട്ടൺ ക്ലിക്ക് ചെയ്ത ശേഷം നേരത്തെ CAP ID യോടൊപ്പം ലഭിച്ച സെക്യൂരിറ്റി കീ എന്റർ ചെയ്യേണ്ടതാണ്.

മൂന്നാം അല്ലോട്മെന്റിന്റെ പ്രവേശനത്തെ തുടർന്ന് കോളേജുകളിൽ നില നിൽക്കുന്ന ഒഴിവുകൾ അഡ്മിഷൻ വിഭാഗത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ആവശ്യാനുസരണം കോളേജ് ഓപ്ഷനുകൾ പുനഃക്രമീകരിക്കാവുന്നതാണ്

ആവശ്യമായ തിരുത്തൽ വരുത്തിയ ശേഷം അപേക്ഷ ഫൈനൽ സബ്മിറ്റ് ചെയ്ത് നിർബന്ധമായും പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

(ഒപ്പ്)

ഡയറക്ടർ

01.10.2021

സി.യു ക്യാമ്പസ്